"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

P1-14521/2022/PrHQ    തീയതി : 31-01-2023

**കേരള സർക്കാർ**
**ജയിൽ വകുപ്പ്**


ജയിൽ ആസ്ഥാനകാര്യാലയം
പൂജപ്പുര, തിരുവനന്തപുരം-695012
ഫോൺ: 0471-2342532 / 2340337
ഇമെയിൽ: keralaprisons@gov.in
www.keralaprisons.gov.in


**ദർഘാസ് പരസ്യം**

ആറ് ജയിൽ സ്ഥാപനങ്ങളിലെ EPABX സംവിധാനത്തിന്റെ ഒരു വർഷത്തേയ്ക്കുള്ള വാർഷിക പരിപാലന കരാറിനായി പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ജനറൽ മുദ്രവച്ച ദർഘാസുകൾ ക്ഷണിയ്ക്കുന്നു. മുദ്രവച്ച ദർഘാസുകൾ അടങ്ങിയ കവറിന് മുകളിൽ ദർഘാസിന്റെ ക്രമ നമ്പരും പേരും എഴുതി താഴെ പറയുന്ന വിലാസത്തിൽ നൽകേണ്ടതാണ്.

| | | |
|---|---|---|
| 1 | ദർഘാസ് നം. | P1-14521/2022 |
| 2 | ദർഘാസ് നാമം | ആറ് (6) ജയിൽ സ്ഥാപനങ്ങളിലെ EPABX സംവിധാനത്തിന്റെ ഒരു വർഷത്തേയ്ക്കുള്ള വാർഷിക പരിപാലന കരാർ |
| 3 | സ്പെസിഫിക്കേഷൻ | പ്രത്യേകം ചേർത്തിരിയ്ക്കുന്നു. |
| 4 | അടങ്കൽ തുക | 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ) |
| 5 | ടെണ്ടർ ഫോറത്തിന്റെ വില | Rs.500/- (അഞ്ഞൂറ് രൂപ) + 18% ജി,എസ്.ടി<br><br>18% ജി.എസ്.ടി തുക ജി.എസ്.ടി വകുപ്പിൽ നേരിട്ട് അടയ്ക്കേണ്ടതും ആയതിന്റെ രസീത് സമർപ്പിയ്ക്കേണ്ടതുമാണ്. |
| 6 | ഡ്യൂപ്ലിക്കേറ്റ് ടെണ്ടർ ഫോറത്തിന്റെ വില | Rs.250/- (ഇരുന്നൂറ്റി അൻപത് രൂപ) + 18% ജി.എസ്.ടി<br><br>ദർഘാസ് ഫോം ലഭിയ്ക്കുന്നതിന് 18% ജി.എസ്.ടി തുക ജി.എസ്.ടി വകുപ്പിൽ നേരിട്ട് അടയ്ക്കേണ്ടതും |

| | | |
|---|---|---|
| | | ആയതിന്റെ രസീത് സമർപ്പിയ്ക്കേണ്ടതുമാണ്. |
| 7 | നിരത ദ്രവ്യം | അടങ്കൽ തുകയുടെ 1%<br>Rs.2,500/- (രണ്ടായിരത്തി അഞ്ഞൂറ് രൂപ) |
| 8 | ടെണ്ടർ ഫോറം വില്ക്കുന്ന അവസാന തീയതിയും സമയവും | 24-02-2023 @ 5 pm |
| 9 | ടെണ്ടർ ഫോറം സ്വീകരിയ്ക്കുന്ന അവസാന തീയതിയും സമയവും | 25-02-2023 @ 3 pm |
| 10 | ടെണ്ടർ തുറക്കുന്ന തീയതിയും സമയവും | 25-02-2023 @ 4 pm |
| 11 | ടെണ്ടർ തുറക്കുന്ന സ്ഥലം | ജയിൽ ആസ്ഥാനകാര്യാലയം, തിരുവനന്തപുരം |
| 12 | ടെണ്ടർ ക്ഷണിയ്ക്കുന്ന അധികാരിയുടെ മേൽവിലാസം | ഡയറക്ടർ ജനറൽ,<br>പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് വകുപ്പ്,<br>ജയിൽ ആസ്ഥാനകാര്യാലയം,<br>പൂജപ്പുര.പി.ഒ,<br>തിരുവനന്തപുരം - 695 012 |

ദർഘാസ് സമർപ്പിയ്ക്കുന്നവർ, ദർഘാസിലെ ഉപാധികളും നിബന്ധനകളും കൂടാതെ താഴെ പറയുന്ന പൊതുവായ വ്യവസ്ഥകളും പാലിക്കേണ്ടതാണ്.

<u>**വ്യവസ്ഥകൾ**</u>

1. ദർഘാസിൽ പങ്കെടുക്കുന്നവർക്ക് സാധുവായ ജി.എസ്.ടി, PAN/TIN രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. അവയുടെ പകർപ്പ് ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ടെണ്ടർ ഫോം ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും ഓഫീസ് സമയങ്ങളിൽ ലഭ്യമാണ്.
3. ടെണ്ടർ ഫോറം ലഭിക്കാൻ 500/- രൂപ പണമായി നേരിട്ട് ജയിൽ ആസ്ഥാനകാര്യാലയത്തിൽ അടയ്ക്കുകയോ e-treasury മുഖേന (0056-00-800-99 Other Receipts എന്ന ശീർഷകത്തിൽ) ഒടുക്കിയ തുകയുടെ രസീത് സമർപ്പിയ്ക്കുകയോ ചെയ്യേണ്ടതാണ്. ജി.എസ്.ടി തുകയായ 90/- രൂപ നേരിട്ട് ജി.എസ്.ടി വകുപ്പിൽ ഒടുക്കിയതിന്റെ രസീതും ഹാജരാക്കേണ്ടതാണ്.
4. ദർഘാസ് ഫോറത്തിന്റെ വില യാതൊരു സാഹചര്യത്തിലും തിരിച്ച് നൽകുന്നതല്ല.
5. ചെക്കുകൾ, പോസ്റ്റൽ ഓർഡറുകൾ, ബാങ്ക് ഡ്രാഫ്റ്റുകൾ മുതലായവ ദർഘാസ് ഫോറത്തിന്റെ വിലയായി സ്വീകരിയ്ക്കുന്നതല്ല.
6. ടെണ്ടർ ഫോറം കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.
7. വൈകി ലഭിയ്ക്കുന്ന ടെണ്ടർ പരിഗണിയ്ക്കുന്നതല്ല.
8. ദർഘാസ് മേൽപറഞ്ഞ വിലാസത്തിൽ മുദ്രവച്ച കവറിൽ ദർഘാസ് നമ്പരും നാമവും എഴുതി സമർപ്പിയ്ക്കേണ്ടതാണ്.
9. ദർഘാസ് നിരക്കിന് കരാർ തീയതി മുതൽ ഒരു വർഷത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കേണ്ടതാണ്.
10. ദർഘാസിൽ കാണിക്കുന്ന നിരക്ക് എല്ലാവിധ നികുതികളും ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ലേബർ ചാർജ്ജും ഉൾപ്പെടെയായിരിക്കണം.
11. ദർഘാസ് 200/- രൂപ മുദ്രപത്രത്തിലുള്ള (നോൺ ജുഡീഷ്യൽ) പ്രാഥമിക കരാർ ഉള്ളടക്കം ചെയ്യേണ്ടതാണ്.

12. ക്രമപ്രകാരമല്ലാത്ത ദർഘാസുകൾ നിരസിയ്ക്കുന്നതായിരിയ്ക്കും.
13. ടെണ്ടർ സ്വീകരിയ്ക്കുന്ന അവസാന തീയതിയിൽ നിശ്ചിത സമയത്ത് ടെണ്ടർ സമർപ്പിച്ചവരുടേയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിധ്യത്തിൽ ദർഘാസ് തുറക്കുന്നതായിരിയ്ക്കും.
14. ടെണ്ടർ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണവശാൽ ഓഫീസ് അവധിയായിരുന്നാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്ത് ടെണ്ടർ തുറക്കുന്നതായിരിയ്ക്കും.
15. മുൻകൂർ അറിയിപ്പ് കൂടാതെ ടെൻഡർ പൂർണ്ണമായോ ഭാഗികമായോ നിരസിക്കാനുള്ള അവകാശം വകുപ്പ് മേധാവിയിൽ നിക്ഷിപ്തമാണ്.
16. ടെണ്ടറിലെ ഉപാധികളും വ്യവസ്ഥകളും സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് ജയിൽ ആസ്ഥാനകാര്യാലയം പ്ലാനിംഗ് സെക്ഷൻ പ്രോഗ്രാം ഓഫീസർ / സൂപ്രണ്ടുമായി ഓഫീസ് സമയങ്ങളിൽ താഴെ പറയുന്ന ഫോൺ നം. / ഇമെയിൽ മുഖേന ബന്ധപ്പെടാവുന്നതാണ്.

ഫോൺ നം. 0471-2342532/ 2344161/ 2344162; Email: keralaprisons@gov.in

ദർഘാസ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ www.keralaprisons.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിനു വേണ്ടി